# METRPOLITAN ARCHDIOCESE OF TELLICHERRY

Tel: 0490 2341058
E-Mail: diocese@archdioceseoftellicherry.org
www.archdioceseoftellicherry.org

Archbishop's House
P.B.No. 70, Tellicherry 670101
Kerala, India

---

Prot.No. 702/19

ഈശോയിൽ പ്രിയ വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീസഹോദരൻമാരേ,

ഡിസംബർ 9 ന് കണ്ണൂരിൽ നടന്ന ഉത്തരമലബാർ കർഷകമഹാസംഗമവും റാലിയും വൻവിജയമാക്കിത്തീർത്ത നിങ്ങൾക്കേവർക്കും ഹൃദയപൂർവ്വമായ നന്ദി അറിയിക്കാനാണ് ഈ സർക്കുലർ എഴുതുന്നത്. ജനപങ്കാളിത്തം കൊണ്ടും അച്ചടക്കം കൊണ്ടും ആവേശം കൊണ്ടും ചരിത്രം കുറിച്ച ഒരു സമ്മേളനമായിരുന്നു നാം കണ്ണൂരിൽ നടത്തിയത്. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുത്തു എന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. ചുട്ടുപൊള്ളുന്ന വെയിലിന്റെ കനത്തചൂടിനെ അവഗണിച്ച് പൊതുയോഗത്തിലും റാലിയിലും ആവേശത്തോടെ പങ്കെടുത്ത നിങ്ങൾക്കെല്ലാവർക്കും ഞാൻ ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

കഴിഞ്ഞ ഒക്ടോബർ 13-ന് ഇടവകകൾതോറും തീർത്ത കണ്ണീർചങ്ങലയോടെയായിരുന്നു നാം ഈ വലിയ സമരപരിപാടിക്ക് തുടക്കം കുറിച്ചത്. അന്നുമുതൽ തെരുവ് യോഗങ്ങൾ, വാഹനജാഥകൾ, പൊതുയോഗങ്ങൾ, സർക്കാരോഫീസുകൾക്കുമുമ്പിൽ ധർണ്ണ, അമ്മമാരുടെ കണ്ണീർക്കഞ്ഞിവയ്പ്പു സമരം, ബൈക്കുറാലി, പന്തംകൊളുത്തിപ്രകടനങ്ങൾ തുടങ്ങി നിരവധി സമര, ബോധവൽക്കരണ പരിപാടികൾ ഇടവക, ഫൊറാന തലങ്ങളിൽ നാം നടത്തി. ഇതിനെല്ലാം നേതൃത്വം കൊടുത്ത ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, ഫൊറോന ചെയർമാൻമാർ, കൺവീനർമാർ, സ്റ്റിയറിംങ് കമ്മറ്റി അംഗങ്ങൾ, ഇടവക കോഡിനേറ്റർമാർ, സംഘടനാ ഭാരവാഹികൾ, തുടങ്ങിയവരെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഡിസംബർ 2-ാം തിയ്യതി കണ്ണൂർ കളക്ട്രേറ്റിനുമുമ്പിൽ നടത്തിയ വൈദികരുടെ ഉപവാസസമരത്തിൽ പങ്കെടുത്ത എല്ലാ വൈദികർക്കും നന്ദി അറിയിക്കുന്നു. ഉപവാസ സമരത്തിന് പിന്തുണയുമായി എത്തിയ എല്ലാ രാഷ്ട്രീയ- സാമൂഹ്യ- സാംസ്ക്കാരിക നേതാക്കൻമാരേയും എല്ലാ ക്രമീകരണങ്ങളും നടത്തിയ അല്മായ നേതാക്കൻമാരേയും നന്ദിയോടെ അനുസ്മരിക്കുന്നു.

കർഷകമഹാസംഗമം വൻവിജയമാക്കിതീർത്തതിനു പിന്നിൽ വളരെയധികംപേരുടെ അക്ഷീണ പ്രയത്നമുണ്ട്. ദൂരെയുള്ള ഇടവകകളിൽ നിന്നുപോലും അതിരാവിലെ പുറപ്പെട്ട് കണ്ണൂരെത്തിയവർ, കൃഷിപ്പണിയും മറ്റു ജോലികളും മാറ്റിവച്ച്, ബസ്സിലും സ്വന്തം വാഹനങ്ങളിലുമായി എത്തിച്ചേർന്നവർ. നിങ്ങളുടെ വലിയ ത്യാഗം ഈ സമ്മേളനത്തിനുപിന്നിലുണ്ട്. കുട്ടികളും സ്ത്രീകളും മുതിർന്നവരും ഉൾപ്പെടുന്ന വൻ ജനാവലിയുടെ സാന്നിധ്യം തലശ്ശേരി അതിരൂപതയുടെ കൂട്ടായ്മയും മറ്റു രൂപതകളുടെ സഹകരണവും വിളിച്ചോതുന്നതായിരുന്നു. ത്യാഗപൂർവ്വം മഹാസംഗമത്തിൽ സംബന്ധിച്ച എല്ലാവർക്കും, ഒപ്പം നേതൃത്വം കൊടുത്ത വികാരിയച്ചൻമാർക്കും ഫൊറോനാ കൺവീനർമാർക്കും ഇടവക കൈക്കാരൻമാർ, കോഡിനേറ്റർമാർ തുടങ്ങിയവർക്കും നന്ദി. സമ്മേളനത്തിൽ പങ്കെടുത്ത അഭിന്ദ്യപിതാക്കൻമാർ, രാഷ്ട്രീയനേതാ

# METRPOLITAN ARCHDIOCESE OF TELLICHERRY

**Tel: 0490 2341058**
**E-Mail: diocese@archdioceseoftellicherry.org**
**www.archdioceseoftellicherry.org**

**Archbishop's House**
**P.B.No. 70, Tellicherry 670101**
**Kerala, India**

---

ക്കൻമാർ, തുടങ്ങിയവരെയും കണ്ണൂർ, കോട്ടയം, മാനന്തവാടി, ബത്തേരി രൂപതകളിൽ നിന്നുള്ള അല്മായരേയും വിവിധ കർഷകസംഘടന പ്രതിനിധികളെയും നന്ദിയോടെ ഓർമ്മിക്കുന്നു.

കർഷക മഹാസംഗമം അഭിമാനകരമായ വിധത്തിൽ അച്ചടക്കത്തോടെ നടത്താൻ സാധിച്ചത് സ്റ്റിയറിംഗ് കമ്മറ്റിയും സെൻട്രൽ കമ്മറ്റിയും ചേർന്ന് എല്ലാ കാര്യങ്ങളും കൃത്യമായി ക്രമീകരിച്ചിരുന്നതുകൊണ്ടാണ്. കമ്മറ്റികൾ നിരവധി തവണ യോഗം ചേരുകയും കൃത്യമായ ആസൂത്രണം നടത്തുകയും ചെയ്തു. ഈ കമ്മറ്റി അംഗങ്ങളും, അവരോട് ചേർന്നുനിന്ന നിരവധിയാളുകളും അനേകദിവസം അഹോരാത്രം അദ്ധ്വാനിച്ചതുകൊണ്ടാണ് കർഷകമഹാസംഗമവും റാലിയും ഭംഗിയായി നടത്താൻ നമുക്ക് സാധിച്ചത്. പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറയുന്നു. വിരമിച്ച സൈനികരുൾപ്പെടെയുള്ള വോളന്റിയേഴ്സിനും നന്ദി പറയുന്നു.

വളരെ പ്രത്യേകമായി ഉത്തരമലബാർ കർഷകപ്രക്ഷോഭസമിതി ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ജനറൽ കൺവീനർ ഫാ. മാത്യു ആശാരിപറമ്പിൽ, ജനറൽ സെക്രട്ടറി ഫാ. ഫിലിപ് കവിയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ എന്നിവർക്ക് നന്ദി പറയുന്നു. അവരുടെ കഠിനാദ്ധ്വാനത്തിന് ദൈവം പ്രതിഫലം നൽകട്ടെ.

സമ്മേളനവേദിയിൽ ഞാൻ പ്രഖ്യാപിച്ചതുപോലെ ഈ സമരം നാം അവസാനിപ്പിക്കുന്നില്ല. നമ്മൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ നേടിയെടുക്കുന്നതുവരെ ഉത്തരമലബാർ കർഷകപ്രക്ഷോഭം നാം തുടരും. വേണ്ട കൂടിയാലോചനകൾക്കുശേഷം തുടർനടപടികളെക്കുറിച്ച് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

എല്ലാവർക്കും ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട്, എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹാശിസ്സുകളോടെ

നിങ്ങളുടെ വത്സലപിതാവ്

+George Njaralakatt

തലശ്ശേരി

11-12-2019

മാർ ജോർജ് ഞറളക്കാട്ട്

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

ഈ സർക്കുലർ 2019 ഡിസംബർ 15-ാം തിയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.